# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.528   07.01.2014-ൽ മറുപടിയ്ക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. കെ. എം. മാണി<br>ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |

**പതിമൂന്നാം ധനകാര്യ കമ്മീഷൻ**

| ചോദ്യം | മറുപടി |
|---|---|
| (എ)<br>പതിമൂന്നാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ച സാമ്പത്തിക ക്രമീകരണ മാർഗ്ഗരേഖ പ്രകാരം 2013-14 ആകുമ്പോഴേക്കും ധനകമ്മി ആഭ്യന്തര വരുമാനത്തിന്റെ എത്ര ശതമാനമായി കുറയ്ക്കേണ്ടതായിരുന്നു; എത്ര ശതമാനമായി കുറയ്ക്കാൻ കഴിഞ്ഞു; | 13-ാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ച സാമ്പത്തിക ദൃഢീകരണ പ്രക്രിയകളുടെ ഭാഗമായി നടപ്പിലാക്കിയ 2011 ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്ട് പ്രകാരം 2013-14 ആകുമ്പോഴേക്കും ധനകമ്മി സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിന്റെ 3 ശതമാനമായി കുറച്ചു കൊണ്ടുവരുന്നതിനാണ് ലക്ഷ്യമിടുന്നത്. 2013 നവംബർ മാസം വരെയുള്ള ധനകമ്മി ആഭ്യന്തര വരുമാനത്തിന്റെ 1.2 ശതമാനമാണ്. |
| (ബി)<br>2014-15 ഓടെ റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാ ക്കണമെന്ന മാർഗ്ഗരേഖ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നുവോ; ഉണ്ടെങ്കിൽ ഇപ്പോൾ റവന്യൂ കമ്മി എത്ര യാണെന്ന് വിശദമാക്കുമോ; | ഉണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ റവന്യൂ കമ്മി സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിന്റെ 2.57 ശതമാനമായിരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ 2013 നവംബർ മാസം വരെയുള്ള റവന്യൂകമ്മി ആഭ്യന്തര ഉൽപാദനത്തിന്റെ 0.5 ശതമാനം ആണ്. |
| (സി)<br>ധനകമ്മിയും റവന്യൂ കമ്മിയും തുടക്കത്തിലുള്ള പോലെയും പതിമൂന്നാം ധനകമ്മീഷൻ നിഷ്കർഷിച്ചതു പോലെയും ക്രമീകരിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്തായിരുന്നു എന്ന് വിശദമാക്കുമോ? | 13-ാം ധനകാര്യ കമ്മീഷൻ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് നടപ്പിലാക്കിയ 2011 ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്ട് നിഷ്കർഷിച്ചിട്ടുള്ള ധനകമ്മിയുടേയും റവന്യൂ കമ്മിയുടേയും (മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ) ലക്ഷ്യവും സംസ്ഥാനം കൈവരിച്ച നേട്ടവും ചുവടെ ചേർക്കുന്നു. |

(ശതമാനത്തിൽ)

| | ലക്ഷ്യം | | | | കൈവരിച്ച നേട്ടം | |
|---|---|---|---|---|---|---|
| | 2011-12 | 2012-13 | 2013-14 | 2014-15 | 2011-12 | 2012-13 |
| ധനകമ്മി | 3.5 | 3.5 | 3.0 | 3.0 | 4.07 | 4.12 |
| റവന്യൂ കമ്മി | 1.40 | 0.9 | 0.5 | 0 | 2.55 | 2.57 |

ഒൻപതാം ശമ്പള പരിഷ്കരണം നടപ്പിലാക്കിയതിനാലും ശമ്പളം, പെൻഷൻ, പലിശ എന്നിവയിലുള്ള വർദ്ധിച്ച ചെലവ് മൂലവും ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചത് പോലെ ധനകമ്മിയും റവന്യൂ കമ്മിയും ലക്ഷ്യത്തിലെത്തിക്കാൻ കഴിഞ്ഞിട്ടില്ല

സെക്ഷൻ ഓഫീസർ